## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 508 — 02.07.2013 ലെ മറുപടിയ്ക്ക്

### അനധികൃത ലോട്ടറിയുമായി ബന്ധപ്പെട്ട് സി.ബി.ഐ.യ്ക്ക് കൈമാറിയ കേസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.രാമകൃഷ്ണൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) അനധികൃത ലോട്ടറിയുമായി ബന്ധപ്പെട്ട് സി.ബി.ഐ.യ്ക്ക് കൈമാറിയ കേസ്സുകളിൽ ഏറിയ പങ്കും അവസാനിപ്പിക്കാൻ സി.ബി.ഐ., കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) 18-06-11-ലെ G.O.(MS) 130/11/Home നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തിൽ അന്യ സംസ്ഥാന ലോട്ടറികളുടെ അനധികൃത വിൽപ്പന സംബന്ധിച്ച് വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 32 കേസ്സുകളുടെ അന്വേഷണ ചുമതല സി.ബി.ഐ.-യെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 21 എണ്ണം തീർപ്പാക്കുന്നതിനായി എറണാകുളം CJM കോടതിയിൽ സി.ബി.ഐ. ക്ലോഷർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) സി.ബി.ഐ.യുടെ ഈ ആവശ്യത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) സർക്കാർ സി.ബി.ഐ.യുടെ നിലപാടിനോട് പൂർണ്ണമായും വിയോജിക്കുന്നു. അന്യസംസ്ഥാന ലോട്ടറികളുടെ അനധികൃതവിൽപ്പന സംബന്ധിച്ച് ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ കേന്ദ്ര നിയമമായ ലോട്ടറീസ് (റഗുലേഷൻ) ആക്ട് 1998 ന്റെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ലംഘനങ്ങൾ സംബന്ധിച്ച് സി.ബി.ഐ. വിശദമായ അന്വേഷണം നടത്തിയിട്ടില്ലായെന്നാണ് സർക്കാരിന്റെ നിലപാട്. കോടിക്കണക്കിനു രൂപയുടെ നികുതി നഷ്ടം സംസ്ഥാനത്തിന് ഉണ്ടാക്കിയ അന്യസംസ്ഥാന ലോട്ടറി ഇടപാടിൽ കേന്ദ്ര ഏജൻസി തികച്ചും ഉപരിപ്ലവമായ ഒരന്വേഷണമാണ് നടത്തിയതെന്നും, ഇതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പല വിഷയങ്ങളിലും ഏജൻസി ഫലപ്രദമായ

അന്വേഷണം നടത്തിയിട്ടില്ലായെന്നുമാണ് സർക്കാരിന്റെ നിലപാട്. ആയതിനാൽ സി.ബി.ഐ. സമർപ്പിച്ച ക്ലോഷർ റിപ്പോർട്ട് നിരസിക്കണമെന്നും ഒരു പുനരന്വേഷണം ഈ വിഷയത്തിൽ ആവശ്യമാണെന്നുള്ളതാണ് സർക്കാർ സമർപ്പിച്ച പ്രൊട്ടസ്റ്റ് കംപ്ലയിന്റിൽ കോടതിമുമ്പാകെ ആവശ്യപ്പെട്ടിരിക്കുന്നത്.

(ഡി) ഈ കേസ്സിൽ സർക്കാരിനു വേണ്ടി വിശദമായ സ്റ്റേറ്റ്മെന്റ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) സി.ബി.ഐ.യുടെ നിലപാടിനെതിരെ സർക്കാർ പ്രൊട്ടസ്റ്റ് കംപ്ലയ്ന്റ് ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(ഇ) സി.ബി.ഐ. അന്വേഷണത്തിൽ സർക്കാർ സമർപ്പിച്ച തെളിവുകൾ വിശദമായി പരിശോധിച്ചിട്ടില്ലായെന്നും, കേന്ദ്രനിയമമായ ലോട്ടറീസ് (റഗുലേഷൻ) ആക്ട് 1998 ന്റെ വ്യവസ്ഥകളുടെ ലംഘനങ്ങൾ അന്വേഷണ വിധേയമാക്കണമെന്നും, അതുകൂടാതെ അനധികൃത ലോട്ടറി വിൽപ്പന മൂലം സർക്കാരിനുണ്ടായ നഷ്ടം ഏജൻസികൾ അനധികൃതമായി നേടിയ ലാഭം എന്നിവ സംബന്ധിച്ചും വിശദമായ അന്വേഷണം വേണമെന്നതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. നിലവിൽ സമർപ്പിച്ചിരിക്കുന്ന ക്ലോഷർ റിപ്പോർട്ട് നിരസിക്കണമെന്നാവശ്യപ്പെട്ടാണ് പ്രൊട്ടസ്റ്റ് കംപ്ലയ്ന്റ് ഫയൽ ചെയ്തിട്ടുള്ളത്. മാത്രമല്ല ഇക്കാര്യത്തിൽ സർക്കാർ സി.ബി.ഐ.യ്ക്ക് കൈമാറിയ ലോട്ടറി തട്ടിപ്പുമായി ബന്ധപ്പെട്ട രേഖകൾ അന്വേഷണഘട്ടത്തിൽ പൂർണ്ണമായും ഏജൻസി പരിഗണിച്ചിട്ടില്ലായെന്നും, സി.ബി.ഐ.യുടെ കേസുകൾ തീർപ്പാക്കാനുള്ള നടപടി അനവസരത്തിലുള്ളതാണെന്നും പ്രൊട്ടസ്റ്റ് കംപ്ലയ്ന്റ് പ്രകാരം എറണാകുളം CJM കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. സി.ബി.ഐ. ഫയൽചെയ്ത ക്ലോഷർ റിപ്പോർട്ട് നിരസിക്കുന്നതിനും, ക്രിമിനൽ പ്രൊസീജിയർ കോഡ് സെക്ഷൻ 173 (8) പ്രകാരം പുന: രന്വേഷണം നടത്തുന്നതിനും നടപടിസ്വീകരിക്കണമെന്നും പ്രൊട്ടസ്റ്റ് കംപ്ലയിന്റ് പ്രകാരം ബഹു. കോടതി മുമ്പാകെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമ വകുപ്പിന്റേയും, അഡ്വക്കേറ്റ് ജനറലിന്റേയും ഉപദേശ പ്രകാരമാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. ഇക്കാര്യത്തിൽ കൂടുതൽ വിശദമായ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിനായി കേസ് ഡയറി ലഭ്യമാക്കുവാൻ സി.ബി.ഐ-യോട് ആഭ്യന്തര വകുപ്പ് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## സി.ബി.ഐ. ക്ലോഷർ റിപ്പോർട്ട് സമർപ്പിച്ച കേസുകൾ

### അനുബന്ധം 1

| ക്രമനമ്പർ | പോലീസ് സ്റ്റേഷന്റെ പേര് | ക്രൈം നമ്പർ |
|---|---|---|
| 1. | മാവേലിക്കര | 30/2010 |
| 2. | കായംകുളം | 64/2010 |
| 3. | മാന്നാർ, ആലപ്പുഴ | 26/2010 |
| 4. | ചെങ്ങന്നൂർ | 38/2010 |
| 5. | ചെങ്ങന്നൂർ | 39/2010 |
| 6. | ചെങ്ങന്നൂർ | 41/2010 |
| 7. | ചെങ്ങന്നൂർ | 42/2010 |
| 8. | ഇടുക്കി | 24/2010 |
| 9. | കട്ടപ്പന | 50/2010 |
| 10. | ചിങ്ങവനം | 42/2010 |
| 11. | ചങ്ങനാശ്ശേരി | 82/2010 |
| 12. | ഏറ്റുമാനൂർ | 66/2010 |
| 13. | ഏറ്റുമാനൂർ | 67/2010 |
| 14. | ഗാന്ധിനഗർ | 38/2010 |
| 15. | കോട്ടയം വെസ്റ്റ് | 78/2010 |
| 16. | എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ | 496/2010 |
| 17. | കസബ പോലീസ് സ്റ്റേഷൻ, പാലക്കാട് | 730/2010 |
| 18. | നോർത്ത് പറവൂർ | 96/2010 |
| 19. | മലമ്പുഴ | 267/2010 |
| 20. | പന്നിയങ്കര | 419/2010 |
| 21. | കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ | 526/2010 |

സെക്ഷൻ ഓഫീസർ

അനുബന്ധം II

[illegible]



| Sl. No. (1) | Police Stations (2) | Crime No. (3) |
|---|---|---|
| 1 | Museum Police Station, Thiruvananthapuram | Cr. No. 658/10 |
| 2 | Museum Police Station, Thiruvananthapuram | Cr. No. 764/10 |
| 3 | Fort Police Station, Thiruvananthapuram | Cr. No. 1146/10 |
| 4 | Mavelikkara Police Station | Cr. No. 30/2010 |
| 5 | Kayamkulam Police Station | Cr. No. 64/2010 |
| 6 | Kayamkulam Police Station | Cr. No. 65/2010 |
| 7 | Mannar Police Station, Alappuzha | Cr. No. 26/2010 |
| 8 | Chengannur Police Station | Cr. No. 38/2010 |
| 9 | Chengannur Police Station | Cr. No. 39/2010 |
| 10 | Chengannur Police Station | Cr. No. 40/2010 |
| 11 | Chengannur Police Station | Cr. No. 41/2010 |
| 12 | Chengannur Police Station | Cr. No. 42/2010 |
| 13 | Idukki Police Station | Cr. No. 24/2010 |
| 14 | Kattappana Police Station | Cr. No. 50/2010 |
| 15 | Chingavanam Police Station | Cr. No. 42/2010 |
| 16 | Changanassery Police Station | Cr. No. 82/2010 |
| 17 | Ettumanoor Police Station | Cr. No. 66/2010 |
| 18 | Ettumanoor Police Station | Cr. No. 67/2010 |
| 19 | Ayarkunnam Police Station | Cr. No. 18/2010 |
| 20 | Gandhinagar Police Station | Cr. No. 38/2010 |
| 21 | Kottayam West Police Station | Cr. No. 78/2010 |
| 22 | Thrikkakara Police Station | Cr. No. 75/2010 |
| 23 | Kasaba Police Station, Kochi | Cr. No. 413/2010 |
| 24 | Ernakulam Town North Police Station | Cr. No. 495/2010 |
| 25 | Ernakulam Town North Police Station | Cr. No. 496/2010 |
| 26 | Kasaba Police Station, Palakkad | Cr. No. 730/2010 |
| 27 | North Paravur Police Station | Cr. No. 96/2010 |
| 28 | Palakkad Town South Police Station | Cr. No. 611/2010 |
| 29 | Malampuzha Police Station | Cr. No. 267/2010 |
| 30 | Panniyankara Police Station | Cr. No. 419/2010 |
| 31 | Kozhikode Town Police Station | Cr. No. 526/2010 |
| 32 | Palakkad Town South Police Station | Cr. No. 640/2010 u/s 436 IPC |

[illegible]

[illegible]